# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 4394

21/03/2018ൽ മറുപടിക്ക്

### മതസൗഹാർദ്ദം പരിപോഷിപ്പിക്കുന്നതിനുള്ള പ്രചരണ പരിപാടികൾ

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ് പി.

മറുപടി

പിണറായി വിജയൻ(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രണയ വിവാഹങ്ങളെ ലൗ ജിഹാദ് എന്ന പേരിൽ ചിത്രീകരിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദം തകർക്കുന്നതിനുള്ള സാമൂഹ്യ വിരുദ്ധ ശക്തികളുടെ ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ നിലവിലെ നിയമങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു; |
| (ബി) | മിശ്ര വിവാഹിതരാകുന്നവർക്ക് സമാധാനത്തോടെ സമൂഹത്തിൽ ജീവിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിന് എന്തൊക്കെ ചെയ്യാനാകുമെന്ന് ആലോചിക്കുമോ; | | |
| (സി) | കേരളത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദ അന്തരീക്ഷം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പ്രചരണ പരിപാടികൾക്ക് നേതൃത്വം നൽകുമോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കുമോ? | (സി) | മതസൗഹാർദ്ദം നിലനിർത്തുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. മത സൗഹാർദ്ദം സംരക്ഷിക്കുന്നതിനും നില നിർത്തുന്നതിനും സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. |

സെക്ഷൻ ഓഫീസർ